I

എം 2/31382/2017/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യലയം
തിരുവനന്തപുരം., തീയതി: 04.05.2017.
ഫോൺ: 0471–2580595; msndpi@gmail.com.

## വിജ്ഞാപനം

2017 – 2019 അദ്ധ്യയന വർഷത്തേക്ക് ''ഡിപ്ലോമ ഇൻ എഡ്യൂക്കേഷൻ'' (ഡിഎഡ്) കോഴ്സിന് ഗവൺമെന്റ്/എയഡഡ്/ സ്ഥാപനങ്ങളിലേക്ക് താഴെപ്പറയുന്ന യോഗ്യതയുള്ളവരിൽ നിന്ന് അപേക്ഷകൾ ക്ഷണിക്കുന്നു. 29.11.1997 ലെ ഗവൺമെന്റ് ഉത്തരവ്(പി)നമ്പർ471/97/പൊ.വി. പ്രകാരം ടി.ടി.സി. കോഴ്സിന് യോഗ്യത നിശ്ചയിക്കുകയുണ്ടായി. സംസ്ഥാനത്തു നിലവിലുള്ള ട്രെയിൻഡ് ടീച്ചർ സർട്ടിഫിക്കറ്റ് (ടി.ടി.സി.) കോഴ്സിന്റെ പേര് ''ഡിപ്ലോമ ഇൻ എഡ്യൂക്കേഷൻ'' (ഡിഎഡ്) എന്നു മാറ്റി എൽ.പി./യു.പി. അദ്ധ്യാപക വിദ്യാഭ്യാസ ത്തിന്റെ ഘടനയും സ്വഭാവവും പാഠ്യപദ്ധതിയിലും 2013 – 2014 അദ്ധ്യയന വർഷം മുതൽ സ.ഉ (സാധാ) നം. 3280/2013/പൊ.വി.വ., തീയതി: 05.08.2013 പ്രകാരം പരിഷ്കരിച്ച് ഉത്തരവു പുറപ്പെടുവിക്കുകയു ണ്ടായി. (സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്). നാല് സെമസ്റ്ററുകളിലായി രണ്ടു വർഷമാണ് കോഴ്സിന്റെ കാലാവധി.

### യോഗ്യതകൾ :

അപേക്ഷകർ താഴെ പറയുന്ന ഏതെങ്കിലും പരീക്ഷയിൽ ചുരുങ്ങിയത് 50 ശതമാനം മാർക്ക് നേടിയിരിക്കണം.

1. കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റി നടത്തുന്ന പ്രീഡിഗ്രി അല്ലെങ്കിൽ തത്തുല്യ മായി അംഗീകരിച്ചിട്ടുള്ള പരീക്ഷ.
2. കേരളത്തിലെ ഹയർ സെക്കന്ററി പരീക്ഷ ബോർഡ് നടത്തുന്ന ഹയർ സെക്കന്ററി പരീക്ഷ അല്ലെങ്കിൽ തത്തുല്യമായി കേരള സർക്കാർ അംഗീകരിച്ചിട്ടുള്ള പരീക്ഷ.
3. ആകെയുള്ള സീറ്റുകളിൽ സയൻസ് വിഭാഗത്തിന് 40 ശതമാനം, ഹ്യൂമാനിറ്റീസ് വിഭാഗത്തിന് 40 ശതമാനം, കോമേഴ്സ് വിഭാഗത്തിന് 20 ശതമാനം എന്നിങ്ങനെ നിജപ്പെടുത്തിയിരിക്കുന്നു.

### മറ്റു വ്യവസ്ഥകൾ

1. യോഗ്യതാ പരീക്ഷ പാസ്സാകാൻ മൂന്ന് ചാൻസിൽ കൂടുതൽ എടുത്തിട്ടുള്ളവർ ഈ കോഴ്സിന് അപേക്ഷിക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. ഇക്കാര്യത്തിൽ (സേവ് എ ഇയർ) പരീക്ഷ എഴുതിയിട്ടുള്ളതും ചാൻസായി പരിഗണിക്കുന്നതാണ് (സർക്കാർ കത്ത് നം. 31480/ഡി 3/10/പൊ.വി. തീയതി 29.05.2010). 01.04.2002 ലെ സർക്കാർ കത്ത് നമ്പർ 1139/ഡി3/2002/പൊ.വി, നിർദ്ദേശമനുസരിച്ച് ഓരോ ടി.ടി.ഐ.യിലും എൻ.സി.റ്റി.ഇ. നിഷ്ക്കർഷിച്ചിട്ടുള്ള സീറ്റുകളിലേക്ക് മാത്രമേ പ്രവേശനം നൽകുവാൻ പാടുള്ളൂ.

2. മറ്റു പിന്നോക്ക വിഭാഗങ്ങൾക്ക് യോഗ്യതാ പരീക്ഷയ്ക്ക് നിശ്ചയിച്ച മാർക്കിൽ 5% ഇളവ് അനുവദിക്കുന്നതാണ്. പട്ടികജാതി/ പട്ടികവർഗ്ഗവിഭാഗങ്ങൾക്ക് മാർക്കിന്റെയും ചാൻസിന്റെയും പരിധി ബാധകമല്ല.
3. അപേക്ഷകർ 01.07.2017 ൽ 17 വയസ്സിൽ കുറവുള്ളവരോ 33 വയസ്സിൽ കൂടുതലുള്ളവരോ ആകാൻ പാടുള്ളതല്ല. ഉയർന്ന പ്രായപരിധിയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 5 വർഷവും മറ്റ് പിന്നോക്ക വിഭാഗങ്ങൾക്ക് 3 വർഷവും വിമുക്ത ഭടൻമാർക്ക് അവരുടെ സൈനിക സേവനത്തിന്റെ കാലയളവും ഇളവ് നൽകുന്നതാണ്. നേരത്തെ അദ്ധ്യാപക നായി അംഗീകാരം ലഭിച്ചിട്ടുള്ള അപേക്ഷകർക്ക് അവരുടെ അദ്ധ്യാപക സേവന കാലയ ളവ് ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകുന്നതിന് കണക്കാക്കുന്നതാണ്.
4. 29.02.1980 -ലെ ജി.ഒ. (ആർ.റ്റി.) 402/80/പൊ.വി., അനുസരിച്ച് മാഹി മേഖലയിലുള്ളവർക്ക് 5 (അഞ്ച്) സീറ്റ് സംവരണം ചെയ്തിരിക്കുന്നു.
5. വിമുക്ത ഭടൻമാർക്ക് ഓരോ റവന്യൂ ജില്ലയിലും ആകെ 6 സീറ്റ് നീക്കി വച്ചിട്ടുണ്ട്. അതിലേക്ക് ബന്ധപ്പെട്ടവർ നിശ്ചിത രീതിയിൽ അപേക്ഷിക്കേണ്ടതാണ്. പ്രസ്തുത സീറ്റുകളിൽ വേണ്ടത്ര അപേക്ഷകരില്ലെങ്കിൽ ബാക്കിയുള്ള സീറ്റുകളിലേക്ക് സൈനിക സേവനത്തിൽ കുറഞ്ഞത് 5 വർഷത്തെ സർവ്വീസിനു ശേഷം പിരിഞ്ഞുപോയവരുടെ ഭാര്യമാരേയും അവിവാഹിതരായ മക്കളേയും തെരഞ്ഞെടുക്കുന്നതാണ്. അതിലേക്ക് അർഹതപ്പെട്ടവർ ആവശ്യമായ സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം നിശ്ചിത രീതിയിൽ അപേക്ഷിക്കേണ്ടതാണ്.
6. ഓരോ റവന്യൂ ജില്ലയിലും 2 സീറ്റുകൾ വീതം ജവാന്മാരുടെ കുടുംബക്കാർക്ക്(ഭാര്യക്കും അവിവാഹിതരായ മക്കൾക്കും) നീക്കിവച്ചിട്ടുണ്ട്. അതിലേക്ക് അർഹതപ്പെട്ടവർ ആവശ്യമായ സർട്ടിഫിക്കറ്റുകൾ സഹിതം നിശ്ചിത രീതിയിൽ അപേക്ഷിക്കേണ്ടതാണ്. തങ്ങളുടെ നിയന്ത്രണത്തിനതീതമായി അഞ്ചു കൊല്ലം തികയാതെ തന്നെ സേവനത്തിൽ നിന്നും പിരിഞ്ഞ് പോകേണ്ടിവരികയോ കക്കുകയോ ചെയ്ത ഭടൻമാരുടെ ഭാര്യ മാർക്കും അവിവാഹിതരായ മക്കൾക്കും മുകളിൽ കാണിച്ച രണ്ട് വിഭാഗങ്ങളിൽ അർഹ രായ അപേക്ഷകരില്ലെങ്കിൽ പ്രസ്തുത സീറ്റുകൾ നൽകുന്നതാണ്.
7. മുകളിൽ സൂചിപ്പിച്ച (5,6 ഖണ്ഡികകൾ ) ജവാൻമാരോ പട്ടാളത്തിൽ നിന്നും പിരിഞ്ഞ് പോയവരോ അപേക്ഷകനുമായുള്ള ബന്ധം തെളിയിക്കുന്നതിന് തഹസീൽദാരിൽ നിന്നുള്ള സർട്ടിഫിക്കറ്റിന്റേയോ ജില്ലാ സൈനിക ബോർഡ് ഓഫീസറുടെ സർട്ടിഫിക്കറ്റി ന്റേയോ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പു കൂടി ഹാജരാക്കേണ്ടതാണ്.
8. മേൽ പ്രസ്താവിച്ച 8 സീറ്റുകളിലേക്ക് (6+2) വേണ്ടത്ര അർഹതയുള്ള അപേക്ഷകരി ല്ലായെങ്കിൽ ബാക്കി വരുന്ന സീറ്റുകളിൽ അർഹതയുള്ള മറ്റു വിഭാഗത്തിന്റെ അപേക്ഷ കൾ പരിഗണിക്കുന്നതാണ്.
9. അംഗവൈകല്യമുള്ളവർക്ക് (ബുദ്ധിവൈകല്യമുള്ളവർ, ബധിരർ എന്നിവരൊഴികെ) ഉൾപ്പെടെ മൂന്ന് ശതമാനം സീറ്റ് നീക്കിവച്ചിട്ടുണ്ട്. അതിലേക്ക് അർഹതയുള്ളവർ ആവശ്യമായ സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ കൂടി അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. (ജി.ഒ.(എം.എസ്.) 38/81/ജി.എഡ്യൂ., തീയതി: 27.02.1981). സർക്കാർ നിർദ്ദേശിച്ച വൈകല്യത്തിന്റെ തീവ്രത (ശതമാനം) ഉറപ്പാക്കണം.

10. സ്പോർട്ട്സ് ക്വാട്ടയിൽ സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ്/ എയിഡഡ് ഇൻസ്റ്റിറ്റ്യൂട്ടിലും ഓരോ സീറ്റു വീതം സ്പോർട്ട്സ് താരങ്ങൾക്കായി നീക്കിവയ്ക്കേണ്ടതാണ്. അവരുടെ അപേക്ഷകൾ സ്പോർട്ട്സ് കൗൺസിൽ സ്വീകരിച്ച് 31.05.2017 നകം ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർക്ക് പരിഗണനയ്ക്കായി അയച്ചുകൊടുക്കേണ്ടതാണ്. പ്രസ്തുത സീറ്റുകളിലേക്കുള്ള തെരഞ്ഞെടുപ്പ് കെ.ഇ.ആർ. അദ്ധ്യായം XXV റൂൾ - 7 അനുസരിച്ചായിരിക്കും.

11. സ്പോർട്ട്സ് ക്വാട്ടാ പ്രാവേശനത്തിന് സ്പോർട്ട്സ് കൗൺസിലിന് അപേക്ഷ നൽകുന്ന വരും മുകളിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ളവരും ഉൾപ്പെടെ എല്ലാ വിഭാഗത്തിലുംപ്പെട്ട അപേക്ഷകരും സർട്ടിഫിക്കറ്റുകളുടെ കോപ്പി അപേക്ഷയോടൊപ്പം ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് സമർപ്പിക്കേണ്ടതാണ്. അപേക്ഷകർ സർട്ടിഫിക്കറ്റുക ളുടെ ഒറിജിനൽ അഡ്മിഷൻ സമയത്ത് അതാത് സെന്ററിൽ ഹാജരാക്കേണ്ടതാണ്.

12. അലോട്ട് ചെയ്യുന്ന അപേക്ഷകരുടെ യോഗ്യത തെളിയിക്കുന്ന എല്ലാവിധ സർട്ടിഫിക്കറ്റു കളുടെയും ഒറിജിനൽ അതാതു സെന്ററുകളിലെ പ്രിൻസിപ്പാൾ പരിശോധിച്ച് ബോധ്യപ്പെട്ട ശേഷം അഡ്മിഷൻ നൽകേണ്ടതാണ്.

13. സർക്കാർ ഉത്തരവ് നമ്പർ (സാധാരണ) 773/93/ഉ.പി., തീയതി 10.05.1993 പ്രകാരം മെരിറ്റ് ക്വാട്ടയിൽ എൻ.സി.സി. കേഡറ്റുകൾക്ക് 10 മാർക്ക് വെയ്റ്റേജ് നൽകുന്നതാണ്. എൻ.സി.സി. ഡയറക്ടറേറ്റിൽ നിന്നും ഇത് സംബന്ധിച്ച് നൽകുന്ന വെയിറ്റേജ് സർട്ടിഫിക്കറ്റ് ഉള്ളവർക്ക് മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ.

14. ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സിന്റെ രാജ്യപുരസ്കാരം അല്ലെങ്കിൽ രാഷ്ട്രപതി പുരസ്കാർ നേടിയിട്ടുള്ളലർക്ക് മെരിറ്റ് ക്വാട്ടയിൽ ഡി.എഡ് പ്രവേശനത്തിന് മുൻഗണന നൽകുന്നതാണ് (27.05.1975 ലെ ജി.ഒ(എം.എസ്) 122/75/പൊതു വിദ്യാഭ്യാസം).

15. എൻ.എസ്.എസ്. - ന്റെ നാഷണൽ ക്യാമ്പിലോ റിപ്പബ്ലിക് ദിന ക്യാമ്പിലോ പങ്കെടുത്തി ട്ടുള്ള എൻ.എസ്.എസ്. വോളണ്ടിയർമാർക്ക് 11.10.2011 ലെ സ.ഉ. (എം.എസ്.) നമ്പർ 206/2011/പൊ.വി. ഉത്തരവിലെ വ്യവസ്ഥ പ്രകാരം ഡി.എഡ് കോഴ്സ് പ്രവേശനത്തിന് മുൻഗണന നൽകുന്നതാണ്.

16. ജി.ഒ. (ആർ.റ്റി) നമ്പർ 2712/02/പൊതു വിദ്യാഭ്യാസം തീയതി 16.08.2002 പ്രകാരം തമിഴ് ടി.ടി.ഐ.കളിൽ ആകെയുള്ള സീറ്റുകളിൽ 10% (പത്ത് ശതമാനം) തമിഴ്നാട്ടിൽ നിന്നുള്ള ഹയർ സെക്കണ്ടറി പരീക്ഷ പാസ്സായ കുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു. കൂടാതെ 13.11.2003 ലെ ജി.ഒ. (ആർ.റ്റി) നമ്പർ 4627/2003/പൊതുവിദ്യാഭ്യാസം പ്രകാരം കേരളത്തിലെ അർഹരായ മുഴുവൻ കുട്ടികൾക്കും തമിഴ് ടി.ടി.ഐ കളിൽ അഡ്മിഷൻ നൽകിയതിനുശേഷം ബാക്കി വരുന്ന സീറ്റുകളിലേക്ക് കൂടി തമിഴ്നാട്ടിൽ നിന്ന് +2 പാസ്സായ കുട്ടികൾക്ക് അഡ്മിഷന് നൽകുന്നതാണ്.

17. ഒരപേക്ഷകന് ഒരു റവന്യൂ ജില്ലയിൽ മാത്രമേ അപേക്ഷിക്കാൻ പാടുള്ളൂ. ഒന്നിൽ കൂടുതൽ ജില്ലകളിലേക്ക് അപേക്ഷിച്ചാൽ അങ്ങനെയുള്ള അപേക്ഷകൾ നിരസിക്കപ്പെടു ന്നതാണ്. അഥവാ തെരഞ്ഞെടുക്കപ്പെട്ടാൽ അത് റദ്ദുചെയ്യുന്നതാണ്. ഒരു ജില്ലയിൽ മാത്രമേ അപേക്ഷിച്ചിട്ടുള്ളൂ എന്ന സത്യപ്രസ്താവന അപേക്ഷയോടൊപ്പം നൽകണം.

18. ന്യൂനപക്ഷ സമുദായ വിഭാഗങ്ങൾ നടത്തുന്ന ടി.ടി.ഐ കളിൽ 50 ശതമാനം സീറ്റുകൾ പൊതു മെരിറ്റടിസ്ഥാനത്തിലും ബാക്കിവരുന്ന 50% സീറ്റുകൾ അതാത് ന്യൂനപക്ഷ സമുദായ വിഭാഗത്തിൽ നിന്നും യോഗ്യതയുടെ അടിസ്ഥാനത്തിലും പ്രവേകനം നൽകേണ്ടതാണ്. മൈനോറിറ്റി വിഭാഗത്തിൽ ഉൾപ്പെടാത്ത എയ്ഡഡ് സ്കൂളുകളിൽ 20 ശതമാനം സീറ്റുകളിലേക്ക് മാനേജർമാർ അർഹതയുടെ അടിസ്ഥാനത്തിൽ പ്രവേശനം നൽകേണ്ടതാണ്. പ്രവേശനത്തിനുള്ള അർഹത നിശ്ചയിക്കുന്നത് താഴെ വിവരിച്ചിട്ടുള്ള മാനദണ്ഡം അനുസരിച്ചായിരിക്കും.

(എ). യോഗ്യത പരീക്ഷയ്ക്ക് ലഭിച്ച മാർക്ക് - 80%
(ബി). ഇന്റർവ്യൂവിൽ ലഭിച്ച മാർക്ക് - 10%

(സി). സ്പോർട്ട്സ്/ ഗെയിംസ്/ കലോത്സവം - എന്നിവയിൽ വിവിധ തലങ്ങളിൽ താഴെക്കൊടുത്തിരിക്കുന്ന മുൻഗണന ക്രമമനുസരിച്ച് പ്രാഗൽഭ്യം തെളിയിച്ചവർക്ക്

1. ദേശീയതലം
2. സംസ്ഥാനതലം
3. ജില്ലാതലം
4. ഉപജില്ലാതലം

} 10%

19. കെ.ഇ.ആർ അധ്യായം XXV അനുസരിച്ച് 5% സീറ്റുകൾ ഡിപ്പാർട്ട്മെന്റ് ക്വാട്ടയിലെ അപേക്ഷകർക്കായി നീക്കിവെച്ചിട്ടുണ്ട്. ഡിപ്പോർട്ട്മെന്റൽ ക്വാട്ടയിൽ നിശ്ചിത അപേക്ഷകർ ഇല്ലായെങ്കിൽ ബാക്കി സീറ്റുകളിലേക്ക് പൊതുക്വാട്ടയിൽ അഡ്മിഷൻ നൽകാവുന്നതാണ്.
20. അപേക്ഷയിൽ കോളങ്ങൾ ഒന്നും പൂരിപ്പിക്കാതെ ഒഴിവാക്കിയിടാൻ പാടില്ല. ബാധകമല്ലെങ്കിൽ ബാധകമല്ല എന്നെഴുതേണ്ടതാണ്.
21. (എ) 2017- 2019 അദ്ധ്യയന വർഷത്തെ ഡി.എഡ്. പ്രവേശനത്തിന് ഈ വർഷം പ്ലസ്ടു പരീക്ഷ എഴുതുന്നവർക്കു കൂടി അപേക്ഷിക്കാവുന്നതാണ്. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി: 31.05.2017 ആണ്. ഇവരുടെ അപേക്ഷ സമർപ്പിക്കുന്ന സമയത്ത് പ്ലസ്ടു സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ലെങ്കിൽ വെബ് സൈറ്റിൽ നിന്നും ലഭിക്കുന്ന മാർക്ക് ലിസ്റ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് മതിയാകുന്നതാണ്.
(ബി) മെരിറ്റിന്റെ അടിസ്ഥാനത്തിൽ സംവരണതത്വങ്ങൾക്ക് വിധേയമായി വെയിറ്റിംഗ് ലിസ്റ്റ് ഉണ്ടാക്കുകയും ഓരോ കാറ്റഗറിയിലും ഉൾപ്പെട്ടവരുടെ വെയിറ്റിംഗ് ലിസ്റ്റ് പ്രത്യേകം തയ്യാറാക്കേണ്ടതുമാണ്. ഓരോ കാറ്റഗറിയിലും മൂന്നിരട്ടി പേരുടെ ലിസ്റ്റ് തയ്യാറാക്കേണ്ടതും ലിസ്റ്റ് തയ്യാറാക്കുന്നതിന് നിലവിലുള്ള നടപടിക്രമം സ്വീകരിക്കേണ്ടതുമാണ്. കൂടിക്കാഴ്ചയ്ക്ക് ഹാജരാകാതെ വരുന്ന അപേക്ഷകർക്ക് പകരമായി ലിസ്റ്റിലെ അടുത്തയാളെ പരിഗണിക്കേണ്ടതും അന്നേ ദിവസം തന്നെ ഒഴിവ് നികത്തേണ്ടതുമാണ്. (ഗവൺമെന്റ് ഉത്തരവ് നമ്പർ 2594/2000/പൊ.വി.(ഡി)വകുപ്പ് തിരുവനന്തപുരം, തീയതി 27.06.2000).

അപേക്ഷിക്കേണ്ട വിധം :

1. അപേക്ഷ നിശ്ചിത ഫാറത്തിൽ തന്നെ സമർപ്പിക്കണം. മാതൃകാ ഫോറം എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാരുടെയും ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെയും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെയും ഓഫീസുകളിലും www.education.kerala.gov.in എന്ന വെബ്സൈറ്റിലും ലഭിക്കുന്നതാണ്. അപേക്ഷകളിൽ 5 (അഞ്ച്) രൂപയ്ക്കുള്ള കോർട്ട്ഫീസ് സ്റ്റാമ്പ് നിർദ്ദിഷ്ട സ്ഥാനത്ത് ഒട്ടിച്ചിരിക്കണം. അല്ലെങ്കിൽ "0202-01-ജനറൽ എഡ്യൂക്കേഷൻ -102-06" എന്ന അക്കൗണ്ട് ഹെഡിൽ അഞ്ചു രൂപ ട്രഷറിയിലടച്ച ചെലാൻ രസീത് അപേക്ഷ യോടൊപ്പം ഹാജരാക്കണം. പട്ടികജാതി/ പട്ടികവർഗ്ഗക്കാർ അപേക്ഷാഫീസ് അടയ്ക്കേണ്ടതില്ല.
2. അപേക്ഷകർ തെരഞ്ഞെടുക്കപ്പെടുവാൻ ആഗ്രഹിക്കുന്ന റവന്യൂ ജില്ലയിലെ വിദ്യാഭ്യാസ ഉപഡയറക്ടറുടെ മേൽവിലാസത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. വിദ്യാഭ്യാസ ഉപ ഡയറക്ടർമാരുടെ മേൽവിലാസം അനുബന്ധം III ആയി ചേർത്തിട്ടുണ്ട്.
3. മാനേജ്മെന്റ് ക്വാട്ടയിൽ തെരഞ്ഞടുക്കപ്പെടുന്നതിന് സ്വകാര്യ ടീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് മാനേജർക്ക് നേരിട്ടോ രജിസ്റ്റേർഡ് പോസ്റ്റായോ അപേക്ഷിക്കേണ്ടതാണ്. ഇത്തരം അപേക്ഷയുടെ പകർപ്പ് ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകിയിരിക്കണം. ന്യൂനപക്ഷ ടി.ടി.ഐ കളിലേക്ക് പൊതു മെരിറ്റടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്നതിനുള്ള 50% സീറ്റുകളിലേക്കുള്ള അപേക്ഷകളും ബന്ധപ്പെട്ട ടിടിഐ മാനേജർക്ക് നൽകേണ്ടതും മാനേജർമാർക്ക് നൽകുന്ന അപേക്ഷയുടെ പകർപ്പ് ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും നൽകേണ്ടതാണ്. മാനേജർമാർ സെലക്ഷൻ ലിസ്റ്റ് തയ്യാറാക്കിയാലുടൻ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.
4. മേൽപ്പടി അപേക്ഷകളിലും മുകളിൽ സൂചിപ്പിച്ച പ്രകാരം കോർട്ട് ഫീസ് സ്റ്റാമ്പോ ചെലാൻ രസീതോ ഉൾപ്പെടുത്തിയിരിക്കണം.
5. ഇത് സംബന്ധിച്ചുള്ള വിശദ വിവരങ്ങൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടറാഫീസിൽ ലഭ്യമാണ്.
6. ഡി.എഡ് കോഴ്സ് ഉള്ള സ്ഥാപനങ്ങളുടെ ലിസ്റ്റ് ജില്ല തിരിച്ച് അനുബന്ധം 2-ൽ ചേർത്തിട്ടുണ്ട്.

പ്രത്യേക ശ്രദ്ധക്ക്

1. കന്നട ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സിലേക്കുള്ള അപേക്ഷകൾ കാസർകോഡ് വിദ്യാഭ്യാസ ഉപഡയറക്ടർക്കും തമിഴ് ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സിലേക്കുള്ള അപേക്ഷകർ പാലക്കാട്, ഇടുക്കി, തിരുവനന്തപുരം എന്നീ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും ഇംഗ്ലീഷ് മീഡിയത്തിലേക്കുള്ള അപേക്ഷകൾ തിരുവനന്തപുരം/ കൊല്ലം/ മലപ്പുറം/ കോഴിക്കോട്/ കണ്ണൂർ എന്നീ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ മാർക്കും അയയ്ക്കേണ്ടതാണ്. ആംഗ്ലോ ഇന്ത്യൻ ടി.ടി.ഐ. യിലേക്കുള്ള അപേക്ഷകൾ കണ്ണൂർ സെന്റ്തെരേസാസ് ആംഗ്ലോ ഇന്ത്യൻ ടി.ടി.ഐ. മാനേജർക്കും നല്കേണ്ടതാണ്.
2. ഡി.എഡ്. പരീക്ഷകൾ സെമസ്റ്റർ സമ്പ്രദായത്തിലായതിനാൽ ട്രാൻസ്ഫർ അപേക്ഷകൾ ഓരോ സെമസ്റ്റർ പരീക്ഷ പൂർത്തീകരിച്ചതിനുശേഷം മാത്രമേ പരിഗണിക്കുകയുള്ളൂ. ഇങ്ങനെ നൽകുന്ന അപേക്ഷകൾ അടുത്ത സെമസ്റ്റർ ആരംഭിച്ച് ഒരാഴ്ചയ്ക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്. അല്ലാതെയുള്ള ട്രാൻസ്ഫർ അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

3. ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന മാതൃകയിലുള്ള അപേക്ഷ ഫാറം മാത്രമേ ഉപയോഗികുവാൻപാടുള്ളു. 05.02.2010 ലെ സർക്കാർ കത്ത് നമ്പർ 22694/ഡി 3/ 2009/പൊ.വി.വ. പ്രകാരം താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി പുറപ്പെടുവിക്കുന്നു.

1. ഡി.എഡ്. പ്രവേശനത്തിന് നിശ്ചയിച്ചിട്ടുള്ള പ്രായവും യോഗ്യതയും സംബന്ധിച്ച് നിബന്ധനകളിൽ യാതൊരു വിട്ടുവീഴ്ചയും അനുവദിക്കുന്നതല്ല. മാനേജ്മെന്റ് ക്വാട്ടായിലടക്കം പ്രവേശനത്തിന് ഇത് ബാധകമാണ്. ഇത് പാലിക്കാതെ ഏതെങ്കിലും വിദ്യാർത്ഥിയ്ക്ക് പ്രവേശനം നൽകിയാൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്വം ടി.ടി.ഐ പ്രിൻസിപ്പാളിനായിരിക്കും.
2. മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി വിദ്യാർത്ഥികൾക്ക് പ്രവേശനം നടത്തിയതായി കണ്ടെത്തുന്ന പ്രിൻസിപ്പാൽമാരെ എസ്.സി.ഇ.ആർ.ടി യുടെ അംഗീകൃത പാനലിൽ നിന്നും ഒഴിവാക്കുന്നതും അച്ചടക്ക നടപടി സ്വീകരിക്കുന്നതുമാണ്.
3. ഡി.എഡ് പ്രവേശനം കഴിഞ്ഞ് ഒരു മാസത്തിനുള്ളിൽ തന്നെ ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർമാർ പരിശോധന നടത്തി യോഗ്യതയില്ലാത്ത വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിയിട്ടുണ്ടെങ്കിൽ ആയത് റദ്ദാക്കേണ്ടതാണ്. പ്രവേശനാനുമതി റദാക്കപ്പെടുന്ന വിദ്യാർത്ഥികളെ യാതൊരു കാരണവശാലും പഠനം തുടരാൻ അനുവദിക്കരുത്.
4. പ്രവേശനാനുമതി റദ്ദാക്കപ്പെടുന്ന വിദ്യാർത്ഥികളെ പഠനം തുടരാൻ അനുവദിക്കുന്ന പക്ഷം ബന്ധപ്പെട്ട ടി.ടി.ഐ യുടെ അംഗീകാരം പിൻവലിക്കാനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.
5. സംസ്ഥാന സർക്കാർ കോഴ്സുകൾ അല്ലാതെ മറ്റു സംസ്ഥാനങ്ങളിലെ തത്തുല്യ കോഴ്സ് യോഗ്യതാ പരീക്ഷയായി പാസായവർക്ക് മലയാളത്തിൽ ആശയ വിനിമയ ത്തിനും അദ്ധ്യാപനത്തിനും സാധിക്കുമെന്ന് ഉറപ്പു വരുത്തേണ്ടതാണ്.
6. 2017 – 2019 വർഷത്തെ പ്രവേശന നടപടികൾ 15.06.2017 നകം പൂർത്തിയാക്കി 21.06.2017 ന് അദ്ധ്യയനം ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ വിദ്യാഭ്യാസ ഉപഡയറക്ടർമാർ സമയബന്ധിതമായി സ്വീകരിക്കേണ്ടതാണ്.

കെ.വി. മോഹൻ കുമാർ ഐ.എ.എസ്.
പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ് :

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.റ്റി.@ സ്കൂൾ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
3. പൊതുവിദ്യാഭ്യാസ ഡയറക്ടർ/ പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)/ പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ(അക്കാദമിക്)/പൊതുവിദ്യാഭ്യാസ ജോയിന്റ് ഡയറക്ടർ (അക്കാദമിക്)/വിദ്യാഭ്യാസ ഉപഡയറക്ടർ (എംപ്ലോയ്മെന്റ്) (സി.എ. മുഖേന).
4. കരുതൽ ഫയൽ.

Annexure – I

# APPLICATION FOR ADMISSION TO THE DIPLOMA IN EDUCATION CERTIFICATE COURSE 2017 – 2019

**(Notification No: M 2/31382/2017/DPI, Dated: 04.05.2017)**

1. **Name of Revenue District in which admission is sought :**
2. **Name in full of the applicant (in block letters) :**
3. **Full address to which communications are to be sent :**
4. **Date of birth and age as on 01.07.2017 :**
5. **Sex :**
6. **If the applicant belongs to OBC/SC/ST category, State the Community and sub – division, if any (Self Attested Copy of Community Certificate to be attached) :**
7. **Whether the applicant is an Ex-serviceman, if so true: copy of the discharge certificate to be attached**
8. **Whether the applicant is the Wife/Child of Jawan in service, if so copy of self attested certificate showing his service or relationship with him etc, to be attached:**
9. **Whether the applicant is the wife/child of Ex-Serviceman if so copy of self attested certificate showing his service or relationship, with him etc, to be attached :**

**10 Applicant's mother tongue :**

**11 Qualifications: (HSE or equivalent)**

   **1. Name of qualifying Examination passed**
   **2. Register No. and year of passing**
   **3. Number of chances (including SAY examination) taken for passing the qualifying Examination**

**12. Additional Qualifications if any**

**13. Marks or Grade obtained in HSE / Equivalent Exam**

| Subjects | Mark /Grade secured |
|---|---|
| Total : | |

**14. Total percentage of marks / Grade :**

**15 Name of Examination Board /University :**

**16 Whether the candidate is physically handicapped (copy of self attested Certificate to be produced)**

**17 Whether the candidate is a NCC cadet :**

**18 State the names of games played and whether the applicant has distinguished himself in games or athletics or represented the school in any competition (Enclose self attested copies of certificates) :**

**a) All India Level**
**b) State Level**
**c) District Level**
**d) Sub – district Level**

**19. Whether the candidate has acquired any Rajyapuraskar or Rashtrapathi Puraskar of Bharath Scouts and Guides :**

**20. Whether the candidate is coming under Sports Quota / Sports Council :**

**21. Whether the applicant is eligible for weight age as NSS volunteer/ NCC cadet; if so details**

**22. Details regarding application fee remitted (if remitted by Chelan amount and name of the Treasury into which the fee was remitted and the number and date of the Chelan should be mentioned). If court fee stamps are affixed, the amount should be specified as court fee stamps for Rs. 5 :**

**23 Name of Institute preferred (Please see the list of Institutions) for admission.** } **1.** **4.** **2.** **5.** **3.**

**(Space for affixing Court Fee stamp)**

**<u>DECLARATION</u>**

**I hereby declare that the statement furnished above are true and are bonafide and can be proved by proper records in my possession.**

**I also declare that I have not taken more than three chances including 'SAY' examination to pass the qualifying examination for admission to the course.**

**I also declare that I have not applied to any other district for the course during this year.**

**Place:**
**Date:**

**Signature of Applicant**

**(N.B : *Candidates who does not furnish information against column 6 will be treated as applied against open quota* )**

Annexure - II

# LIST OF TRAINING SCHOOLS (DISTRICT WISE)

(Government and Aided TTI's)

**Notification No: M 2/31382/2017/DPI., Dated: 04.05.2017.**

| Sl. No | Name of Institutions | Govt./ Private |
|---|---|---|
| | **I. Thiruvananthapuram** | |
| 1 | G.T.T.I (W) Manacaud, Thiruvananthapuram | Government |
| 2 | D.I.E.T, Attingal, Thiruvananthapuram | Government |
| 3 | G.T.T.I Ooruttukala (Neyyattinkara), TVPM | Government |
| 4 | Evan's T.T.I. Parasala, Neyyattinkara, TVPM | Private Minority |
| 5 | St. Roch's T.T.I, Thope, Thiruvananthapuram | Private Minority |
| 6 | St. Mary's T.T.I, Pattom, Thiruvananthapuram | Private |
| 7 | Asan Memorial T.T.I, Vilabhagom, Varkala, TVPM | Private |
| 8 | Nalantha T.T.I, Pacha, Palode, TVPM | Private |
| 9 | Govt. Tamil T.T.I, Chalai, Thiruvananthapuram | Government |
| | **II. Kollam** | |
| 10 | Govt. T.T.I, Kollam | Governemnt |
| 11 | DIET, Kottarakara, Kollam | Governemnt |
| 12 | C.F.T.T.I, Kottiyam, Kollam | Private Minority |
| 13 | Immam Hussain Memorial TTI, Kollam | Private Minority |
| 14 | St. George's T.T.I, Chowallur, Kottarakkara, Kollam | Private Minority |
| 15 | Champakassery T.T.I, Bhootakulam, Kollam | Private |
| 16 | S.N. T.T.I, Karunagappally, Kollam | Private |
| 17 | J.M.T.T.I, Sasthamcotta, Kollam | Private |
| | **III. Pathanamthitta** | |
| 18 | DIET, Thiruvalla, Pathanamthitta | Government |
| 19 | N.S.S. T.T.I, Cherukole, Pathanamthitta | Private |
| 20 | S.H.T.T.I, Mylapra, Pathanamthitta | Private Minority |
| 21 | P.G.M. T.T.I, Paracode, Pathanamthitta | Private |
| 22 | N.S.S. T.T.I, Kaviyoor, Pathanamthitta | Private |
| 23 | St. Thomas T.T.I, Thiruvalla, Pathanamthitta | Private Minority |
| 24 | M.M. T.T.I, Maramon, Pathanamthitta | Private |
| 25 | N.S.S. T.T.I, Othera, Pathanamthitta | Private |
| 26 | P.M. V.T.T.I, Peringara, Pathanamthitta | Private |

| | | |
|---|---|---|
| 27 | M.S. T.T.I, Ranni, Pathanamthitta | Private |
| 28 | N.S.S. T.T.I., Thodiyur, Pathanamthitta | Private |
| | **IV. Alappuzha** | |
| 29 | Govt. T.T.I, Mavelikkara, Alappuzha | Government |
| 30 | DIET, Chengannur, Alappuzha | Government |
| 31 | Govt. T.T.I Alappuzha | Government |
| 32 | N.S.S. T.T.I, Mannar | Private |
| 33 | M.S.S. T.T.I, Thazhakkara | Private Minority |
| 34 | T.D.T.T.I, Thuravoor | Private Minority |
| 35 | S.C.R.V. Angadical, Chengannoor, Alappuzha | Private |
| 36 | Shettikulangara T.T.I, Alappuzha | Private |
| 37 | S.N.V.T.T.I, Kakkazham, Alappuzha | Private |
| 38 | Padmanabhodayam T.T.I, Mezhuveli, Mavelikkara | Private |
| | **V. Kottayam** | |
| 39 | DIET, Vellor, Kottayam | Government |
| 40 | Govt. T.T.I. Kottayam | Government |
| 41 | G.T.T.I, Ettumannor, Kottayam | Government |
| 42 | C.N.I.T.T.I, Kottayam | Private Minority |
| 43 | St. Theresa's T.T.I, Vazhappally, Kottayam | Private Minority |
| 44 | V.K.P.M. N.S.S. T.T.I, Edamattom, Pala, Kottayam | Private |
| 45 | St. Joseph's T.T.I, Mutholi, Kottayam | Private Minority |
| 46 | T.D.T.T.I, Paliam, Kottayam | Private Minority |
| 47 | St. Thomas T.T.I, Palia, Kottayam | Private Minority |
| 48 | B.B.M. T.T.I, Mundakayam, Kottayam | Private Minority |
| | **VI. Ernakulam** | |
| 49 | Govt. T.T.I, Edapally, Ernakulam | Government |
| 50 | Govt. T.T.I, Moovattupuzha, Ernakulam | Government |
| 51 | DIET, Kuruppampady, Ernakulam | Government |
| 52 | St. Joseph's T.T.I, Karukutty, Ernakulam | Private Minority |
| 53 | S.N.T.T.I, Moothakunnam, Ernakulam | Private |
| 54 | T.D.T.T.I, Mattancherry, Ernakulam | Private Minority |
| 55 | Bhagavathi Vilasom T.T.I, Nayarambalam, Ernakulam | Private |
| 56 | St. Peter's T.T.I, Kolencherry, Ernakulam | Private Minority |
| 57 | O.L.T.T.I, Palluruthy, Ernakulam | Private |
| 58 | St. John T.T.I, Vadakara, Ernakulam | Private |
| 59 | R.M.T.T.I Vadavucode, Ernakulam | Private |

| | | |
|---|---|---|
| 60 | St. Albert's T.T.I, Ernakulam | Private Minority |
| 61 | St. George T.T.I, Vazhakulam, Ernakulam | Private Minority |
| 62 | G.T.T.I, Cheruvathur. Ernakulam | Government |
| | **VII. Idukki** | |
| 63 | DIET, Thodupuzha, Idukki | Government |
| 64 | G.T.T.I, Kumily (Tamil), Idukki | Government |
| 65 | G.T.T.I, Munnar (Tamil), Idukki | Government |
| | **VIII. Thrissur** | |
| 66 | Govt. T.T.I, Chalakkudy, Thrissur | Government |
| 67 | DIET, Ramavarmapuram, Thrissur | Government |
| 68 | Seethisahib Memorial T.T.I, Azhikode, Thrissur | Private Minority |
| 69 | S.N. T.T.I, Irinjalakkuda, Thrissur | Private |
| 70 | Krishna T.T.I, Panangand, Thrissur | Private |
| 71 | Christ King Convent T.T.I, Pavaratty, Thrissur | Private Minority |
| 72 | S.N. T.T.I, Cheruthuruthy, Thrissur | Private |
| 73 | J.P.E.T.T.I, Koorkancherry, Thrissur | Private Minority |
| 74 | Lissious Convent T.T.I, Irinjalakkuda, Thrissur | Private Minority |
| | **IX. Palakkad** | |
| 75 | Govt. T.T.I, Chittor (Tamil), Palakkad | Government |
| 76 | DIET, Anakkara, Palakkad | Government |
| 77 | Govt. T.T.I, (W) Palakkad | Government |
| 78 | G.S.S. T.T.I, Perur, Palakkad | Private |
| 79 | A.S.M.M. T.T.I, Alathur, Palakkad | Private Minority |
| 80 | A.M.S. Mannadiar Memorial T.T.I, Palakkad | Private |
| 81 | L.S.N.T.T.I, Ottappalam, Palakkad | Private Minority |
| | **X. Malappuram** | |
| 82 | DIET, Tirur, Malappuram | Government |
| 83 | Govt. T.T.I, Malappuram | Government |
| 84 | Seva Mandir T.T.I, Ramanattukara, Malappuram | Private |
| 85 | Seethi Sahib Memorial Orphanage T.T.I, Tirurangadi | Private Minority |
| 86 | Raman Memorial T.T.I, Valancherry, Malappuram | Private |

| | | |
|---|---|---|
| **XI. Kozhikode** | | |
| 87 | Govt. T.T.I (M) Calicut, Kozhikode | Government |
| 88 | Govt. T.T.I (W) Calicut, Kozhikode | Government |
| 89 | Mohammad Abdurahiman Memorial T.T.I, Mukkom, Kozhikod | Private Minority |
| 90 | St. Vincent Col. T.T.I, Calicut | Private Minority |
| 91 | DIET, Vadakara, Kozhikode | Government |
| **XII. Wayanad** | | |
| 92 | DIET, Sulthanbattery, Wayanad | Government |
| 93 | St. Joseph's T.T.I, Mananthavady, Wayanad | Private Minority |
| 94 | G.T.T.I, Panamaram, Wayanad | Government |
| **XIII. Kannur** | | |
| 95 | G.T.T.I (M), Kannur | Government |
| 96 | G.T.T.I (W), Kannur | Government |
| 97 | DIET, Palayad, Kannur | Government |
| 98 | G.T.T.I, Mathamangalam, Kannur | Government |
| 99 | St. Theresas Anglo Indian T.T.I, Kannur | Pvt.Anglo Indian Minority |
| **XIV. Kasaragode** | | |
| 100 | DIET, Meppadi (Kannada and Malayalam), Kasargode | Government |
| 101 | S.N.T.T.I, Neeleswar, Kasargode | Private |
| 102 | G.T.T.I, Kannivayal, Kasargode | Government |
| | | |

| അനുബന്ധം - III | |
|---|---|
| 1 | വിദ്യാഭ്യാസ ഉപഡയറക്ടർ, വിദ്യാഭ്യാസ ഉപഡയറക്ടറാഫീസ്, കൊച്ചാർ റോഡ്, കിള്ളിപ്പാലം, തിരുവനന്തപുരം - 695 036. |
| 2 | വിദ്യാഭ്യാസ ഉപഡയറക്ടർ, വിദ്യാഭ്യാസ ഉപഡയറക്ടറാഫീസ്, തേവള്ളി പി.ഒ., കൊല്ലം - 691 009. |
| 3 | വിദ്യാഭ്യാസ ഉപഡയറക്ടർ, വിദ്യാഭ്യാസ ഉപഡയറക്ടറാഫീസ്, തിരുവല്ല, പത്തനംതിട്ട - 689 101. |
| 4 | വിദ്യാഭ്യാസ ഉപഡയറക്ടർ, വിദ്യാഭ്യാസ ഉപഡയറക്ടറാഫീസ്, സിവിൽ സ്റ്റേഷന് സമീപം, ഹെഡ് പോസ്റ്റ് ആഫീസ് (പി.ഒ.), ആലപ്പുഴ - 688 001. |
| 5 | വിദ്യാഭ്യാസ ഉപഡയറക്ടർ, വിദ്യാഭ്യാസ ഉപഡയറക്ടറാഫീസ്, വൈസ്ക്കരക്കുന്ന് (പി.ഒ.), കോട്ടയം - 686 001. |
| 6 | വിദ്യാഭ്യാസ ഉപഡയറക്ടർ, വിദ്യാഭ്യാസ ഉപഡയറക്ടറാഫീസ്, തൊടുപുഴ, ഇടുക്കി - 685 584. |
| 7 | വിദ്യാഭ്യാസ ഉപഡയറക്ടർ, വിദ്യാഭ്യാസ ഉപഡയറക്ടറാഫീസ്, സിവിൽ സ്റ്റേഷൻ, കാക്കനാട്, എറണാകുളം - 30. |
| 8 | വിദ്യാഭ്യാസ ഉപഡയറക്ടർ, വിദ്യാഭ്യാസ ഉപഡയറക്ടറാഫീസ്, സിവിൽ സ്റ്റേഷൻ, അയ്യന്തോൾ, തൃശ്ശൂർ - 680 003. |
| 9 | വിദ്യാഭ്യാസ ഉപഡയറക്ടർ, വിദ്യാഭ്യാസ ഉപഡയറക്ടറാഫീസ്, സിവിൽ സ്റ്റേഷൻ, പാലക്കാട് - 678 001. |
| 10 | വിദ്യാഭ്യാസ ഉപഡയറക്ടർ, വിദ്യാഭ്യാസ ഉപഡയറക്ടറാഫീസ്, സിവിൽ സ്റ്റേഷൻ, മലപ്പുറം - 676 505. |
| 11 | വിദ്യാഭ്യാസ ഉപഡയറക്ടർ, വിദ്യാഭ്യാസ ഉപഡയറക്ടറാഫീസ്, മാനാഞ്ചിറ, കോഴിക്കോട് - 673 001. |
| 12 | വിദ്യാഭ്യാസ ഉപഡയറക്ടർ, വിദ്യാഭ്യാസ ഉപഡയറക്ടറാഫീസ്, സിവിൽ സ്റ്റേഷൻ, കൽപ്പറ്റ നോർത്ത് (പി.ഒ.), വയനാട് - 673 122. |
| 13 | വിദ്യാഭ്യാസ ഉപഡയറക്ടർ, വിദ്യാഭ്യാസ ഉപഡയറക്ടറാഫീസ്, കണ്ണൂർ (പി.ഒ.), കണ്ണൂർ - 670 002. |
| 14 | വിദ്യാഭ്യാസ ഉപഡയറക്ടർ, വിദ്യാഭ്യാസ ഉപഡയറക്ടറാഫീസ്, സിവിൽ സ്റ്റേഷൻ, വിദ്യാനഗർ (പി.ഒ.), കാസർഗോഡ് - 671 123. |